വയനാട്	-	981
കണ്ണൂർ	-	759
കാസർഗോഡ്	-	1040
ക്രൈം ബ്രാഞ്ച് വിഭാഗം	-	26
റയിൽവേ വിഭാഗം	-	422
ആകെ	-	29171

സ്റ്റേജ് പൊളിച്ചു കളഞ്ഞ സംഭവം

(1565) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ടയിൽ 11.2.2000-ന് യു.ഡി.എഫിന്റെ സ്റ്റേജ് പൊളിച്ചു കളഞ്ഞതായി പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) ഇതു സംബന്ധിച്ച് കേസ് എടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്ക് എതിരെയാണ് എടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) പകൽ സമയത്ത് നിരവധി പോലീസുകാരുടെ സാന്നിദ്ധ്യത്തിൽ സ്റ്റേജ് നശിപ്പിക്കുവാൻ ഉണ്ടായ സാഹചര്യത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തിയോ;

(എഫ്) ഇതിന് ഏതെങ്കിലും പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഭാഗത്തു നിന്നും വീഴ്ചയോ കുറ്റമോ ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിക്കുകയുണ്ടായോ;

(ജി) എങ്കിൽ ഇവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം:

(എ)-(ജി) പത്തനംതിട്ടയിൽ 11.2.2000-ന് യു.ഡി.എഫ്.ന്റെ സ്റ്റേജ് പൊളിച്ചതായി കാണിച്ച് ജോർജ്ജ് ജോസഫ് എന്നൊരാളിൽ നിന്നും ലഭിച്ച പരാതിയിന്മേൽ ക്രൈം 93/2000 നമ്പരായി പത്തനംതിട്ട പോലീസ് സ്റ്റേഷനിൽ ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരുന്നു. സംഭവം പോലീസിന്റെ സാന്നിദ്ധ്യത്തിൽ നടന്നു എന്നു പറയുന്നതു ശരിയല്ല.

ജനകീയ പോലീസ്

(1572) ശ്രീ. ഉമ്മൻ ചാണ്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയ പോലീസ് എന്ന പരിപാടി ഇൻഡ്യയിൽ ഏതെല്ലാം സംസ്ഥാനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്;

(ബി) ഈ സംസ്ഥാനങ്ങളിൽ ഇതിന്റെ പ്രവർത്തന പുരോഗതിയെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സംസ്ഥാനങ്ങളിലേയ്ക്ക് പഠനം നടത്തുന്നതിന് ആരെയെങ്കിലും അയച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആരെയെല്ലാം ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് അയച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ ആരെയെങ്കിലും അയയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ അതിന്റെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ)-(എഫ്) പൊതുജനങ്ങളും പോലീസും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തി പോലീസിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം എന്നുദ്ദേശിച്ചുകൊണ്ടാണ് കേരള പീപ്പിൾസ് പോലീസ് സ്കീം എന്ന പദ്ധതിക്ക് രൂപം കൊടുത്തിട്ടുള്ളത്. ഇപ്പോൾ പദ്ധതിയുടെ കരട് രൂപമാണ് തയ്യാറാക്കിയിട്ടുള്ളത്. പൊതു പ്രവർത്തകരും നിയമജ്ഞന്മാരും മറ്റു വിദഗ്ദ്ധന്മാരും ഉൾപ്പെടെയുള്ള നാനാതുറകളിലുള്ളവരുടെ അഭിപ്രായങ്ങൾക്കു വേണ്ടി പദ്ധതി സമർപ്പിച്ചിരിക്കുകയാണ്. ലോകത്തിന്റെ മറ്റു ചില ഭാഗങ്ങളിലും ഇന്ത്യയിൽ ചില സംസ്ഥാനങ്ങളിലും ഇതിനു സമാനമായ പദ്ധതികൾ നടപ്പിലാക്കിയതിന്റെ അനുഭവ പാഠങ്ങൾ കൂടി പഠിച്ചുവരികയാണ്. ഇത്തരം അഭിപ്രായങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിൽ പദ്ധതിക്ക് അന്തിമരൂപം നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന് സമർപ്പിക്കുവാൻ ആഭ്യന്തര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായി കൊണ്ടും നിയമവകുപ്പു സെക്രട്ടറി, ഡി.ജി.പി. എന്നിവർ അംഗങ്ങളായികൊണ്ടും ഒരു സമിതിയെ സർക്കാർ നിയോഗിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഏപ്രിൽ മാസത്തോടുകൂടി സമിതി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. സമിതിയുടെ റിപ്പോർട്ട് ലഭിച്ച ശേഷം ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനകൾ നടത്തിക്കൊണ്ട് സർക്കാർ പദ്ധതിക്ക് അന്തിമ രൂപം നൽകുന്നതാണ്.

ലോക്കൽ പോലീസുകാരുടെ പ്രൊമോഷൻ

(1583) ശ്രീ. പി. രാജു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ ലോക്കൽ പോലീസുകാരുടെ പ്രൊമോഷൻ ടെസ്റ്റ് യഥാസമയം നടത്താറുണ്ടോ;

(ബി) ഈ ടെസ്റ്റ് അവസാനമായി നടത്തിയതെന്നാണ്; അടുത്ത ടെസ്റ്റ് എപ്പോൾ നടക്കുമെന്ന് അറിയിക്കുമോ;

(സി) ഒരു ശിക്ഷണ നടപടിക്കും വിധേയരാകാത്ത എസ്.ഐ.മാരെ പ്രൊമോട്ടു ചെയ്യുന്നില്ലെന്നപരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് പ്രൊമോഷൻ നൽകേണ്ടതായിട്ടുണ്ട്;

(ഡി) ക്രിമിനൽ കേസ്, വിജിലൻസ് അന്വേഷണം പി.ആർ. ഇവയിൽ ഏതിലെങ്കിലും ഉൾപ്പെട്ടിട്ടുള്ളവരെ പ്രൊമോട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര പേരെ;

(ഇ) ഡി.പി.സി., എസ്.ഐ.മാരുടെ പ്രൊമോഷൻ ലിസ്റ്റ് തയ്യാറാകുമ്പോൾ ഇൻക്രിമെന്റ് തടയപ്പെട്ടിട്ടുള്ളവരുടെ പേര് ഉൾപ്പെടുത്തുവാൻ പാടില്ലെന്നു ഉത്തരവ് നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly